**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5297 — 27.07.2015-ൽ മറുപടിയ്ക്ക്

**സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ഉബൈദുള്ള** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ (CRIP) ഉൾപ്പെടുത്തി മലപ്പുറം നഗരത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) മലപ്പുറം നഗരത്തിലെ റോഡുകളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് നഗര റോഡു വികസന പദ്ധതിക്ക് (CRIP) കേരള റോഡ് ഫണ്ട് ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് ബാംഗ്ലൂർ ആസ്ഥാനമായ സി.ഡി.എം. സ്മിത്ത് മുഖേന തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എത്ര കിലോമീറ്റർ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ വരുന്നതെന്നും അതിനായി എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) 42.918 കി.മീ. ദൈർഘ്യമുള്ള 12 റോഡുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനായി ശുപാർശ ചെയ്തിട്ടുള്ളത്. ഇവയുടെ പ്രാരംഭ നിർമ്മാണ ചെലവ് 342.12 കോടി രൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) പദ്ധതിയുടെ നിർമ്മാണച്ചുമതല ആരാണ് വഹിക്കുന്നതെന്നും ഇതുവഴി എന്തെല്ലാം ആധുനികവൽക്കരണ പരിപാടികളാണ് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ ? | (സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി-ആന്വിററി വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹന യാത്രക്കാരുടെയും, കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, കാവുങ്ങൽ-മച്ചിങ്ങൾ ബൈപ്പാസ് റോഡിലെ മൂപ്പറമ്പ ജംഗ്ഷനിൽ ഒരു അടിപ്പാത, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ടു പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**